## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2699** — **06/02/2018-ൽ മറുപടിയ്ക്ക്.**

## മിൽമ കോഴിക്കോട് ഡയറിയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ.റഹീം | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) മിൽമ കോഴിക്കോട് ഡയറിയുടെ വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം നടത്തിയ നടപടികളെന്തെന്ന് വിശദമാക്കാമോ ; | (എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം വില്ലേജിൽപ്പെട്ട പെരിങ്ങളത്ത് 5.0485 ഏക്കർ ഭൂമി കോഴിക്കോട് ഡയറിയുടെ വികസനപ്രവർത്തനങ്ങൾക്കായി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഹൈ ലെവൽ കമ്മിറ്റി ഫോർമാറ്റിൽ വിശദവിവരം നൽകുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലപരിശോധന നടത്തി വിവരങ്ങൾ നൽകുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർ സെപ്ഷ്യൽ തഹസിൽദാർ (എൽ.എ)യെ ലാന്റ് അക്വസിഷൻ ഓഫീസറായി നിയമിച്ചെങ്കിലും നാളിതുവരെ വിവരങ്ങൾ എൽ.എ.ഒ കളക്ടറേറ്റിൽ ലഭ്യമാക്കിയിട്ടില്ല. |
| (ബി) നെഗോഷ്യേറ്റഡ് പർച്ചേസ് രീതിയിൽ സ്ഥലം വാങ്ങുന്നതിന് ലാന്റ് അകിസിഷൻ സ്പെഷ്യൽ തഹസീൽദാർ സ്ഥല പരിശോധന നടത്തിയിട്ടുണ്ടോ ; | (ബി) ഉണ്ട്. |

(സി) സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുതുക്കേണ്ടതുണ്ടോ ;എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) സ്ഥലം ഏറ്റെടുക്കൽ വൈകുന്നത് മൂലം ഏറ്റെടുക്കുവാൻ കണ്ടെത്തിയ സ്ഥലത്തിന്റെ ഉടമകൾ അനുഭവിക്കുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത്, നടപടിക്രമങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

(സി) & (ഡി) മിൽമ കോഴിക്കോട് ഡയറിയുടെ വികസന പ്രവർത്തനത്തിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലാ കളക്ടർ ഹൈ ലെവൽ കമ്മിറ്റി നിശ്ചിത ഫോർമാറ്റിൽ വിശദവിവരം നൽകുന്ന മുറയ്ക്ക് ചീഫ് സെക്രട്ടറി അധ്യക്ഷനായ ഹൈ ലെവൽ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സ്ഥലമെറ്റേടുക്കൽ നടപടിക്കുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകളെ വിളിച്ചുകൂട്ടി ജില്ലാതല പർച്ചേസ് കമ്മിറ്റി (DLFC) കൂടേണ്ടതും പ്രസ്തുത കമ്മിറ്റി നിശ്ചയിക്കുന്ന വില State Level Empowered Committee യുടെ അംഗീകാരത്തിനു വിധേയമായി സ്ഥലവില നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ.